# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3726 — 19.02.2013-ൽ മറുപടിയ്ക്ക്

### വഴിയോരം തണൽമരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) വഴിയോരങ്ങളിലെ തണൽമരങ്ങളിൽ ആണി തറച്ചും,ഭാരമേറിയ ബോർഡുകൾ സ്ഥാപിച്ചും അവയെ നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഇത്തരം സംഭവങ്ങൾ ചൂണ്ടിക്കാട്ടി മാവേലിക്കര താമരക്കുളം വി.വി.എച്ച്.എസ്.എസ്. പരിസ്ഥിതി സൗഹൃദക്ലബ്ബ് നൽകിയ അപേക്ഷ പരിശോധിച്ചിട്ടുണ്ടോ ; | ബി) പരിശോധിച്ചിട്ടുണ്ട്. |
| സി) ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കാതി രിക്കാൻ കർശനനടപടി സ്വീകരിക്കുമോ; നിലവിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | സി) നടപടി സ്വീകരിച്ചിട്ടുണ്ട്. പാതയോരത്തെ തണൽ മരങ്ങളിൽ ബോർഡുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് അവ എത്രയും പെട്ടെന്ന് നീക്കം ചെയ്യണമെന്ന് പത്ര മാധ്യമങ്ങളിലൂടെ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. പോലീസിന്റെ സഹായത്തോടെ ഫോറസ്റ്റ് ഉദ്യോഗസ്ഥരും, പരിസ്ഥിതി പ്രവർത്തകരും, വിദ്യാർത്ഥികളും ചേർന്ന് ബോർഡുകൾ നീക്കം ചെയ്യുകയും, പൊതുജനങ്ങൾക്കും, വിദ്യാർത്ഥികൾക്കും ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ നിയമ നടപടികൾ സ്വീകരിക്കുന്നതിനു വേണ്ടി നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ